നമസ്കാരം.
ഞാൻ ഇന്നിവിടെ അവതരിപ്പിക്കാൻ പോകുന്നത് പരിസ്ഥിതി ശുചിത്വം എന്ന വിഷയത്തെക്കുറിച്ചുള്ള ഒരു കൊച്ചു പ്രസംഗമാണ്. നാം ഇന്ന് നേരിടുന്ന വെല്ലുവിളികളിൽ ഏറ്റവും പ്രധാനമായ ഒന്നാണ് പരിസ്ഥിതി ശുചിത്വം. പലതരത്തിൽ നാം ഇന്ന് പരിസ്ഥിതിയെ മലിനമാക്കിക്കൊണ്ടിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനമാണ് പ്ലാസ്റ്റിക് മാലിന്യം. ഇത്തരം മാലിന്യങ്ങളാൽ നാം പ്രകൃതിയെ ദിനംപ്രതി കൊന്നുകൊണ്ടിരിക്കുന്നു. നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ ഭാവിയിൽ നമുക്ക്തന്നെ വിനയായി മാറുന്നു. ഇതിനെതിരെ പ്രവർത്തിക്കേണ്ടത് നാം തന്നെയാണ്. പരിസരം എപ്പോഴും ശുചിയായി വയ്ക്കുക. ഇതിനായി പ്ലാസ്റ്റിക്കുകൾ അലസമായി വലിച്ചെറിയാതിരിക്കുക. പരിസരങ്ങളിൽ തുപ്പുകയോ മലമൂത്രവിസർജനം നടത്തുകയോ ചെയ്യരുത്. ഇത്തരം ചെറിയ ചെറിയ കാര്യങ്ങളിൽ നാം ശ്രദ്ധ കൊടുത്താൽ നമ്മുടെ പരിസ്ഥിതിയെ നമുക്ക് വീണ്ടെടുക്കാം. നാം പ്രകൃതിയെ മലിനമാക്കില്ല, മലിനമാക്കാൻ അനുവദിക്കില്ല എന്നൊരു മുദ്രാവാക്യം നമുക്ക് ഉയർത്തി പിടിക്കാം. പരിസ്ഥിതി ശുചിത്വ പ്രവർത്തനങ്ങൾക്കായി നമുക്ക് ഒരുമിച്ച് കൈകോർക്കാം. ഇത്രയും പറഞ്ഞുകൊണ്ട് നിർത്തുന്നു.
നന്ദി, നമസ്കാരം.

അരുണിമ mc

എട്ട് എ
ജിഎച്ച് എസ് എസ് മാരായമംഗലം.